
അപ്പൂപ്പൻതാടി
little KITEs
H.S.S.Panangad

# ശ്രീ.പി.കെ.ഭഗീരഥൻ



മഹാനുഭാവൻ! മഹിതാശയൻ
നാടിൻ മാനേജർ ശ്രീ ഭഗീരഥൻ
സ്വനാമധേയത്തെയന്വർത്ഥമാക്കിയോൻ
ശ്രീനാരായണപുരത്തിൻ യുഗപ്രഭാവൻ!
ഭദ്രമുഖ! നിൻ ദീപ്തസ്മരണയ്ക്കുമുമ്പിൽ
ആയിരം പ്രണാമപുഷ്പങ്ങളർപ്പിച്ചിടട്ടെ.

# ആശംസ



മാറുന്നയുഗത്തിൽ വിവരസാങ്കേതികവിദ്യയോടൊപ്പം നമ്മുടെ കുട്ടികളും വളരമെന്ന ആശയത്തോടെ എല്ലാഭൗതികസൗകര്യങ്ങളും നമ്മുടെ വിദ്യാലയത്തിൽ ഒരുങ്ങിയിരിക്കുന്നു. അതിലൂടെ സ്വയം ഉയരുവാനും അതിലൂടെ മറ്റുള്ളവരെ ഉയർത്തുവാനും ശ്രമിക്കുന്ന ഒരു പറ്റം വിദ്യാർത്ഥികളുടെ കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഗ്രൂപ്പ് നിർമ്മിക്കുന്ന അപ്പൂപ്പൻ താടി എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

മാനേജർ

ലോലിത പ്രേംകുമാർ




സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ അഭിനിവേശം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുന്നതിനായി കുട്ടികളുടെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് പനങ്ങാട് ഹയർ സെക്കന്ററി സ്കൂളിലും നടപ്പാക്കി വരുന്നു.ഈ പദ്ധതിയുടെ സംരംഭമായ ഇ-മാഗസിൻ നിർമ്മിച്ച് പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം അറിയിക്കുന്നു.മാഗസിൻ നിർമ്മാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും, മറ്റ് കുട്ടികൾക്കും ഈ അവസരത്തിൽ പ്രത്യേക അഭിനന്ദനങ്ങൾ.സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്



**ഒ.സി.മുരളീധരൻമാസ്റ്റർ (എച്ച്.എം)**

H S S PANANGAD

*അപ്പൂപ്പൻതാടി*

# എഡിറ്റോറിയൽ

വിജ്ഞാനത്തിന്റെ അനന്തതയിലൂടെ.............
ഈ കൊച്ചുപട്ടങ്ങൾ ഒടുങ്ങാത്ത പ്രയാണം ആരംഭിച്ചിരിക്കുന്നു. ഇന്ന് പട്ടങ്ങൾ പൊട്ടിയെങ്കിലും കുട്ടന്മാർ കരഞ്ഞില്ല. ലക്ഷ്യം അനന്തയിലേക്കാണ്. അറിവിന്റെ അനന്തതയിലേക്ക്............. അനിയന്ത്രിതമായ പ്രയാണം...............................

അറിവിന്റെ അവസാനിക്കാത്ത ലോകത്തിലേക്ക് പുത്തൻ ഖനികൾ തേടി. ബാല്യ-ശൈശവ-കൗമാര-വാർദ്ധക്യ അവസ്ഥകൾക്കധീതമായ അറിവിന്റെ പുത്തൻ പടവുകൾ.............

മനസാ അചിന്ത്യമായ രചനാവൈവശിഷ്ട്യം നിറഞ്ഞ ഈ പ്രപഞ്ചത്തിലേക്ക്.....................സാങ്കേതിക വിദ്യയുടെ പാരമ്യതിയിലേക്ക് ഈ കൊച്ചുപട്ടങ്ങൾ നിങ്ങളുടെ കൈപിടിച്ച് പറക്കട്ടെ........................

ചീഫ് എഡിറ്റർ

നിത്യ സി.പി

# താളുകളിലൂടെ.....

- ബഷീർ കഥകളുടെ സുൽത്താൻ
- മഹാപ്രളയം
- വാല്യൂ ഓഫ് ലൈഫ്
- സ്വപ്നയാത്ര
- വികസനവും പരിസ്ഥിതിയും
- പരിണാമം
- അച്ഛൻ
- ചക്രം
- ചങ്ങാതിമാരുടെ സ്നേഹം
- ഭൂമികരയുന്നുവോ
- മഹാപ്രളയം ഒറ്റ ക്യാൻവാസിൽ
- പഴഞ്ചൊല്ലുകൾ
- ശൈലികൾ
- കേരളദുരന്തം
- ഗുരു
- ഭൂമി
- എന്റെ പ്രളയാനുഭവം
- ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങൾ
- ചിമ്മിണി എന്ന സ്വർഗ്ഗം
- ഭൂമി
- നീലാമ്പരി
- വായിച്ചാലുള്ള ഗുണം
- चन्द्रिका
- ഐക്യത്തോടെ
- രാത്രിപ്പൂക്കൾ
- മരിക്കാത്തഭൂമി
- ഓണപ്പാട്ട്
- കുറുക്കനും ഒട്ടകവും
- അഭിമാനനിമിഷങ്ങൾ

*അപ്പൂപ്പൻതാടി*

# ബഷീർ കഥകളുടെ സുൽത്താൻ


സ്വന്തം ജീവിതം സ്വന്തം ഭാഷയിലെഴുതി മലയാളകഥയുടെ സുൽത്താനായിത്തീർന്ന ശ്രീ.വൈക്കം മുഹമ്മദ് ബഷീർ 1908 ജനുവരി 19 ന് വൈക്കം താലൂക്കിൽ തലയയോലപ്പറമ്പിൽ ജനിച്ചു. തലയേലപ്പറമ്പ് മലയാളം സ്കൂളിലും വൈക്കം സ്കൂളിലും പഠിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന് സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കോഴിക്കോട്ടുനടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കുകൊണ്ട് അതിന്റെ പേരിൽ മർദ്ദനം, ജയിൽ ശിക്ഷ എന്നിവ അനുഭവിക്കുകയും ചെയ്തു.

അലച്ചിലിന്റെ ചരിത്രമാണ് ബഷീറിന്റെ കല. ബഷീർ ജീവിതത്തിന്റെ യാദൃശ്ചികതയിലൂടെ, വിസ്മയങ്ങളിലൂടെ സഞ്ചരിച്ചവനാണ്.പി കുഞ്ഞിരാമൻ നായരെപ്പോലെ അലഞ്ഞുകൊണ്ടേയിരിക്കാൻ പ്രേരിപ്പിക്കുന്ന അവധൂതത്വം ബഷീറിലുമുണ്ട്.

ജീവിതത്തെ ഉഴുതുമറിക്കാൻ ബഷീറിനെപ്പോലെ മറ്റൊരു സാഹിത്യകാരനുമായിട്ടില്ല. എന്നതാണ് സത്യം.ട്യൂഷൻ മാസ്റ്റർ, മിൽതൊഴിലാളി, ഖലാസി, ഗേറ്റ് കീപ്പർ, സ്വാതന്ത്ര്യസമര സേനാനി, സന്ന്യാസി, ഹോട്ടൽ തൊഴിലാളി, പത്രാധിപൻ, പാചകക്കാരൻ എന്നിങ്ങനെ ജീവിതത്തിന്റെ വൈവിധ്യങ്ങളിലൂടെ കടന്നുപോയ ബഷീറിന്റെ അനുഭവലോകം അദ്ദേഹത്തിന്റെ രചനാലോകത്തേയും സമൃദ്ധമാക്കി.

ബാല്യകാലസഖി പാത്തുമ്മയുടെ ആട് ആനച്ചൂട് തുടങ്ങിയ കൃതികളിൽ ബഷീറിന്റെ കുട്ടിക്കാലഓർമ്മകളുണ്ട്.എന്റെ വലതുകൈ എന്ന കഥയിൽ ജയിൽ വാസത്തിന്റെ തിക്താനുഭവങ്ങളുണ്ട്.ഗാന്ധിജിയെ തൊട്ട അനുഭവം അമ്മയിലുണ്ട് ജയിലിന്റെ പശ്ചാത്തലത്തിൽ എഴുതിയ മതിലുകൾ സിനിമയായി.

ബഷീറിനെ അനുകരിക്കാൻ മലയാളത്തിലെ ഒരു സാഹിത്യകാരനുമായിട്ടില്ല. അനുഭവങ്ങളിലൂടെ കാച്ചിക്കുറുക്കിയെടുത്ത പാത്തുമ്മയുടെ ആട് തുടങ്ങിയ ബഷീർ കൃതികൾ വായിച്ച ചിരിക്കാത്തവരും ബാല്യകാലസഖി വായിച്ച് കണ്ണുകൾ നിറയാത്തവരുമുണ്ടാകില്ല. വസുധൈവകുടുംബകം എന്ന പ്രാചീന ഭാരതീയ ദർശനം ഉൾക്കൊണ്ട മഹാനാണ് അദ്ദേഹമെന്ന് ഭൂമിയുടെ അവകാശികൾ തെളിയിക്കുന്നു.1994 ജൂലൈ 5 ന് ഇഹലോകവാസം വെടിഞ്ഞ അദ്ദേഹത്തിന് സാഹിത്യ അക്കാദമി, കേരളസാഹിത്യ അക്കാദമി ഫെല്ലോഷിപ്പ്, പത്മശ്രീ പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്.





# മഹാപ്രളയം

ഈ അടുത്താണ് കേരളത്തെ നടുക്കിയ സംഭവം ഉണ്ടായത്.മഴയും കാറ്റും വെള്ളവും കേരളത്തെ വല്ലാതെ വലച്ചു.ആളുകൾ പലരും വീടുകളിനുള്ളിൽ കുടുങ്ങി. അപ്പോഴാണ് ദൈവത്തിന്റെ മാലാഖമാരെപ്പോലെ മത്സ്യതൊഴിലാളികൾ എത്തി കുടുങ്ങിയവരെ രക്ഷിച്ച് സുരക്ഷിതസ്ഥാനത്തേയ്ക്ക് മാറ്റി.എത്ര തളർന്നിട്ടും പിടിച്ചുനിന്ന മത്സ്യതൊഴിലാളികൾക്കും നാവികർക്കും ബിഗ് സല്യൂട്ട്. സ്വന്തം ജീവൻ പണയം വെച്ച് ദേഹം ചവിട്ടുപടിയാക്കി ആളുകളെ രക്ഷിച്ചു.മത്സ്യതൊഴിലാളികൾ വഞ്ചിയുമായി എത്തിയിട്ടും ചില ആളുകൾ വഞ്ചിയിൽ കയറിയില്ല.നാവികർ വരട്ടെ എന്ന് പറഞ്ഞ് ശാഠ്യം പിടിച്ചവരുണ്ട്.എന്നിട്ടും അവർ ഭക്ഷണവും വെള്ളവും നല്കി മറ്റുള്ളവരുടെ ജീവൻ നിലനിർത്തി.

പ്രളയാനന്തര കേരളം പലരോഗങ്ങളുടെ പിടിയിലായി. അതിനുകാരണം നമ്മൾ വലിച്ചെറിഞ്ഞ പ്ലാസ്റ്റിക്കും കുപ്പികളും അറവുമാലിന്യങ്ങളും തന്നെ.നിർമ്മലമായ ജലശ്രോതസ്സിനെ മലിനപ്പെടുനതിലൂടെ കൊതുകുകൾ മുട്ടയിട്ട് പെരുകി പനിക്കും മറ്റുരോഗങ്ങൾക്കും കാരണമാകുന്നു.അതുകൊണ്ട് നമ്മുക്കൊരുമിച്ച് മാലിന്യനിർമ്മാർജ്ജനത്തിനായി പ്രയത്നിക്കാം.

അജ്മൽ
VIII B

അപ്പൂപ്പൻതാടി



# Value of life

One day a boy asked his father, what's the value of his life? His father didn't answer. He said to take a rock and sell it in the market. If anyone asked the price then raise 2 fingers and say nothing. The boy went to the market with the rock and a woman asked what is the cost of this rock . I want to put it in my garden. The boy didn't replayed and raised his 2 fingers .I will give Rs. 200 for this rock.The boy went home and told his father a woman wants to buy it for 200 rupees. Father then said son I want you to take this to a museum if anybody wants to buy it don't say a word just raise 2 fingers.The boy then went to a museum and a man wanted to buy it. The boy didn't say anything and raised 2 fingers. The man said for 20,000 rupees I will take it.The boy was shocked and and went running. Father a man wants to buy it for 20000 rupees. He said his father then said son at last take this rock to a precious stone store. Show this to the owner of that store and if he asked the price don't say anything just raise 2 fingers. He showed the rock to the owner. The owner said from where did you get this rock its one of the rarest stone in the world! I must have it. How much would you sell it for the boy raised 2 fingers the owner said 200000rupees I will take it. The boy not knowing what to say ran to his house and said to his father the owner wants to buy it for 2000000 rupess. His father then said, son do you know the value of your life now ? It doesn't matter where you come from,Where you born,colour of your skin or how much money you have born matters is where you decide to place yourself.You may have lived thinking yourself as a 200 Stone surrounded by people that saw your worth 200rupees but everybody have a diamond inside them. We can also choose the value in other people see the diamond inside them choose the people you surround yourself with wisely that can make all difference in your life .


Aromal
IX A

അപ്പൂപ്പൻതാടി

# സ്വപ്നയാത്ര




അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയാണ് നീലിമ.നീലിമ തന്റെ പാവക്കുട്ടിയെ ചേർത്ത് പിടിച്ച് ഉറങ്ങാൻ തുടങ്ങി................



അലാറൻ അടിച്ചു...നീലിമേ...... എഴുന്നേൽക്കു.........സ്കൂളിൽ പോണ്ടേ..........അവൾ എഴുന്നേറ്റ് തന്റെ കാര്യങ്ങൾ ചെയ്ത് പാവക്കുട്ടിയുമായി കളിക്കുകയായിരുന്നു.എറെ നേരം പാവയുമായി കളിച്ചുകൊണ്ടിരിക്കെ തന്റെ പാവ കയ്യിൽ നിന്നും വഴുതി എങ്ങോ പോയി.തന്റെ പാവ നഷ്ടപ്പെട്ട വിഷമത്തിൽ അവൾ കരയാൻ തുടങ്ങി.പെട്ടന്ന് അവൾ ഉറക്കത്തിൽ നിന്നും ചാടി എഴുന്നേറ്റു.എന്റെ പാവ....എന്റെ പാവ...എന്ന നിലവിളികേട്ട് അമ്മ ഓടി ചെന്നു. മോളേ....എന്തുപറ്റി അമ്മേ...എന്റെ പാവ എവിടെ .......മോളേ ... പാവയല്ലേ ആ കിടക്കുന്നത്.മോള് സ്വപ്നം കണ്ടതാവാം. ഓ എനിക്ക് സമാധാനമായി....എന്റെ പ്രിയപ്പെട്ട് പാവ എനിക്ക് തിരിച്ചു കിട്ടി.ആ പാവയെ പുണർന്നുകൊണ്ട് വീണ്ടുമവൾ ഉറക്കത്തിന്റെ ആലസ്യത്തോടെ കിടക്കയിലേക്ക് ചരിഞ്ഞു...

എനോല

VI B



# വികസനവും പരിസ്ഥിതിയും

**വി**കസനം എന്ന വാക്കിന് ഒരു ലോകനിർവചനം അവതരിപ്പിച്ചത് 1949 ജനവരി 20 ന് അമേരിക്കൻ കോൺഗ്രസ്സിന്റെ മുൻ പ്രസിഡന്റ് ട്രൂമാനാണ്. ലോകരാഷ്ട്രങ്ങളിൽ ഏറിയ പങ്കും അവികസിതദശയിലാണെന്നും വർദ്ധിച്ച തോതിലുള്ള വ്യവസായികോൽപാദനത്തിലൂടെ ഒരു മെച്ചപ്പെട്ട ജിവിതനിലവാരത്തിലെത്തേണ്ടത് ആശ്വാസമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.അതിനുവവേണ്ട സാങ്കേതിക സാഹായം നൽകി ഈ ജനതകളുടെ കഷ്ടപ്പാട് പരിഹരിക്കാൻ ഒരു പരിപാടിയും അദ്ദേഹം അവതരിപ്പിച്ചു.അങ്ങനെയാണ് നമുക്കൊരു പുതിയ ലക്ഷ്യവും മാർഗ്ഗവും ഉണ്ടായത്. അമേരിക്കൻ മോഡൽ സമൂഹം അങ്ങനെ ദരിദ്രരായ നമ്മുടെ മുമ്പിൽ ഭാവിയിലെ സ്വർഗ്ഗപ്രതീകമായി തെളിഞ്ഞുവന്നു.

ഇത് അംഗീകരിച്ചവരാണ് ഇന്ത്യയും ആഫ്രിക്കയും ഇന്തോനേഷ്യയും ഈജിപ്റ്റും എല്ലാവരും തന്നെ സഹസ്രാബ്ദങ്ങളായി നിലവിലിരുന്ന സാമൂഹിക-സാമ്പത്തിക-കാർഷിക വ്യവസ്ഥ തകർന്നുതുടങ്ങി.പാശ്ചാത്യ നാടുകളിൽ നിന്ന് വികസനപദ്ധതികളും പണവുമായി വിദഗ്ധന്മാർ സംഘംസംഘമായി അലയടിച്ചെത്തി.ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള രാഷ്ട്രനേതാക്കന്മാർ അവരെ നീട്ടിയ കൈകളോടെ സ്വീകരിച്ചു.പുതിയൊരു വ്യവസായിവിപ്ലവം അരങ്ങേറി കൊടികുത്തിവാണു.

*അപ്പൂപ്പൻതാടി*

പക്ഷേ 1973 ൽ ലോകബാങ്ക് അദ്ധ്യക്ഷൻ മാക്നമാറ പറഞ്ഞു. ഇക്കഴിഞ്ഞ ദശാബ്ദത്തിൽ വമ്പിച്ച ദേശിയ വരുമാനവർധന ഉണ്ടായിട്ടുണ്ടെങ്കിലും ഒന്നു ശ്രദ്ധേയമായിട്ടുണ്ട്. എല്ലാവരവിന്റെയും 75 % മേൽത്തട്ടിലുള്ള കുറച്ചു പേരിൽ ഒതുങ്ങുന്നു. ദരിദ്രവിഭാഗങ്ങളിലേയ്ക്ക് അതെത്തിച്ചേരുന്നില്ല.

ഏറ്റവും സങ്കീർണ്ണവും പരസ്പരാശ്രിതവും അത്യദ്ഭുതകരവുമായ ഒരാവാസവ്യവസ്ഥയാണ് ഈ ജൈവസമൂഹം.ദൃഷ്ടിദൃശ്യങ്ങളോ സൂക്ഷ്മദർശിനിദൃശ്യങ്ങളോ പോലുമല്ലാത്ത കോടാനുകോടി ജീവാണുക്കൾ മുതൽ സൃഷ്ടികൾക്കു സാർവാധിപതിയെന്ന് അഹങ്കരിക്കുന്ന മനുഷ്യന്മാരെ ഈ ജൈവശൃംഖലയിലെകണ്ണികളാണ്. ഇവയോരോന്നും ആശ്രയാശ്രയീഭാവത്തിൽ പരസ്പരപൂരകങ്ങളായി നിലകൊള്ളുന്നു. ഉദാഹരണമായി സമുദ്രാന്തർഭാഗത്തെ അണുസസ്യങ്ങളായ ഫൈറ്റോപ്ലാങ്ക്ടൺ ചെറുമീനുകൾ മുതൽ തിമിംഗലങ്ങൾക്കുവരെ ഭക്ഷണം നല്കുകമാത്രമല്ല ചെയ്യുന്നത്, സമുദ്രത്തിലെ പ്രാണവായുവിന്റെ അനുപാദം സംരക്ഷിക്കുക കൂടിയാണ്. ആ പ്രാണവായുവിന്റെ അനുപാദവുമായി അഭേദ്യമായ ബന്ധമുള്ളതാണ്.അന്തരീക്ഷത്തിന്റെ താപനിലയിലും.നിരന്തരമായ സമുദ്രമലിനീകരണം-ഓയിൽസ്പിൻ നേരിട്ട് പതിക്കുന്നവയും എല്ലാ നദികളും ഒഴുക്കിക്കൊണ്ടുവരുന്നതുമായ വ്യവസായികരാസവിസർജ്യങ്ങൾ, കീടനാശിനികൾ തുടങ്ങിയ വിഷമാലിന്യങ്ങൾ സമുദ്രഹൃദയത്തിലെ അണ്വായുധപരീക്ഷണങ്ങൾ, രാസപരീക്ഷണങ്ങൾ ഇവയെല്ലാം ചേർന്ന് സമുദ്രാന്തർഭാഗത്തിന്റെ ജൈവസമതുലിതാവസ്ഥ തകരാറിലാക്കിക്കൊണ്ടിരിക്കുന്നു എന്ന്ശാസ്ത്രജ്ഞന്മാർ പറയുന്നു.ഒരളവുകഴിയുമ്പോൾ അതിൽ നിന്നുണ്ടാകുന്ന തിരിച്ചടി സങ്കൽപ്പിക്കാനാവാത്തവിധം ഭീകരമായിരിക്കും

ഫാത്തിമ ജസ്ലിൻ
IX A

അപ്പൂപ്പൻതാടി



# പരിണാമം

ഓർമ്മകൾ.........ചിതലരിക്കാത്ത ഓർമ്മകൾ........... വീട്.....കുട്ടിക്കാലം......ഊഞ്ഞാലാടിയും തലപന്ത് കളിച്ചും നാട്ടുമാമ്പഴങ്ങളുടെ തേനൂറും സ്വാദുനുണഞ്ഞും നടന്നകാലം.....പഞ്ചാരമണൽത്തട്ടിൽ നിന്ന് കുളത്തിലെ തെളിനീരിലേക്കെടുത്തുചാടി മീനുകൾക്കൊപ്പം നീന്തിത്തിമിർത്തകാലം........വർഷമെത്രകഴിഞ്ഞു ഇന്നും മനസ്സിൽ ഈ ചിത്രത്തിന് മിഴിവേറുകയാണ്.....ഒപ്പം മൗനനൊമ്പരമായി.......നനുത്ത ഒരു തേങ്ങലായി പ്രിയപ്പെട്ട അനുജന്റെ ഓർമ്മകളും.

അന്ന് അച്ഛന്റെ ഒന്നാം ശ്രാദ്ധദിനത്തിലാണ് അവന് ഞങ്ങളെ വിട്ട് കാണാമറയത്തേക്ക് യാത്രയായത്. അമ്മയുടെ അരികിൽ കിടന്ന് സുഷുപ്തിയിൽ നിന്ന് സുഷുപ്തിയിലേക്ക്.........ആ രാത്രിയിൽ കിലോമീറ്ററുകൾക്കപ്പുറം കിടന്നുറങ്ങിയിരുന്ന അവളെ ഉണർത്തിയതാര്? തൊണ്ടവരണ്ട് ഒരു വാക്കും മിണ്ടാനാകാതെ മേലാകെ ചുട്ടുപൊള്ളുന്ന പരവേശവുമായി കിടന്നപ്പോൾ അവൾ കേട്ട ഫോൺ കോളുകൾ .......... ആ നടുക്കുന്ന സത്യം....

അപ്പൂപ്പൻതാടി

അവളെ ഉണർത്തിയതാരാണ്? അവൻ തന്നെയല്ലേ? അതെ അതൊരു ടെലിപ്പതിയായിരുന്നു. മരണവേളയിൽ പ്രിയപ്പെട്ടവരുടെ അരികിലെത്തുന്ന ആത്മാവിന്റെ സ്പർശം.അവൾ അനുഭവിച്ചറിഞ്ഞ നിമിഷങ്ങൾ.......ആ വേർപാട് അംഗീകരിക്കാനാവാതെ ഭ്രാന്തമായ അവളുടെ മനസ്സ് .....എല്ലാം ഇന്നലെ കഴിഞ്ഞപോലെ......

വിഷുവായിരുന്നു അവൻ ഏറെ ആഘോഷിച്ചിരുന്നത്.ലാത്തിരിപൂത്തിരിയുമായി ചേച്ചിമാരുടെ മക്കളെ കാത്തിരിക്കുമായിരുന്നല്ലോ അവൻ.

പഠനത്തിൽ ശ്രദ്ധാലുവായിരുന്ന അവന്റെ ജാതകം ബഹുകേമമെന്ന് പണിക്കന്മാർ......പക്ഷെ ആർക്ക് എവിടെയാണ് കണക്കുകൾ പിഴച്ചത്?

അവന്റെ ചിന്താധാരകളും വ്യത്യസ്തമായിരുന്നല്ലോ......സ്വാമി വിവേകാനന്ദനായിരുന്നു അവന്റെ മാതൃകാപുരുഷൻ.....പിന്നെ അവന്റെ ആത്മാന്വേഷണം താനാര്? പ്രപഞ്ചത്തിന്റെ സത്യമെന്താണ്? നന്നെചെറുപ്പത്തിലേത്തന്നെയുള്ള അവന്റെ ഈ ചിന്തകൾ അവളെ അത്ഭുതപ്പെടുത്തിയിരുന്നു.

ഒരിക്കൽ അവൻ പറഞ്ഞതവളോർത്തു......എന്റെ സംശയങ്ങൾക്കുള്ള ഉത്തരം ഞാൻ കണ്ടെത്തി.......എല്ലാം പരിണാമവിധേയമാണ്.... ഈശ്വരൻ പോലും...നീ നോക്കിക്കോ ഞാനും ഒരിക്കൽ ശിവനി പരിണമിക്കും.

രേവ ടീച്ചർ

അപ്പൂപ്പൻതാടി



## ചങ്ങാതിമാർ

ഒരിക്കൽ ഒരുകാട്ടിൽ ഒരു മുയലും ഒരു കുരങ്ങനും ഉണ്ടായിരുന്നു. അവർ ഉറ്റചങ്ങാതിമാരായിരുന്നു. ഒരു ദിവസം അവർ കളിക്കുകയായിരുന്നു.അപ്പോൾ മുയൽ കുട്ടന് വല്ലാത്തദാഹം തോന്നി. അപ്പോൾ കുരങ്ങൻ പറഞ്ഞു.നമുക്ക് അടുത്തുള്ള കുളത്തിൽ നിന്നും വെള്ളം കുടിക്കാം.അവർ കുളത്തിനരികിലേക്ക് നടന്നു നീങ്ങി അപ്പോഴതാ ആ കുളത്തിൽ നിറയെ മുതലകൾ അത് കണ്ട് അവർ വല്ലാതെ പേടിച്ചു.ഇനിഎങ്ങിനെ വെള്ളം കുടിക്കും.അവർ കുറച്ച് നേരം ആലോചിച്ചു. അപ്പോൾ കുരങ്ങച്ചന് ഒരു ബുദ്ധി തോന്നി. നീ ഇവിടെ നിൽക്ക് ഞാൻ പോയി അവിടെ നിന്ന് ഒരു മുളംതണ്ട് പറിച്ച് വരാം.അവർ ഇരുവരും ആ മുളംതണ്ടിലൂടെ വെള്ളം വലിച്ചുകുടിച്ച സന്തോഷപൂർവ്വം കളിസ്ഥലത്തേക്ക് മടങ്ങി

കൃഷ്ണേന്ദു
V A



അപ്പുപൻതാടി



# അച്ഛൻ



ഉറക്കമുണർന്നെണീറ്റിടുമ്പോൾ
കാണണെമെന്നച്ഛനെയെന്നും
കണ്ടില്ലെങ്കിൽ കരിനിഴലായി
മങ്ങീടുന്നു എൻ മുഖം

പുസ്തകസഞ്ചിയെടുത്തകനീടുമ്പോൾ
യാത്രചോല്ലിതരാത്തൊരുനാൾ
വിവർണ്ണമാം മുഖത്തോടെ
വിദ്യാലയത്തിലേക്ക് നടന്നകന്നു മെല്ലെ


കുട്ടി കുറുമ്പുകൾ കാണിക്കും വേളയിൽ
ഗൗരവമായി എന്നെ നോക്കിയിടുമ്പോഴും
അച്ഛനുള്ളിലെന്നോടുള്ളവാത്സല്യം ഞാൻ
അറിയുന്നു  നിദ്രയിലെന്നെപുണർന്നിടുമ്പോൾ

അതുരതയിൽ നിൻ അങ്കമാം തല്പത്തിൽ
തളർന്നുറങ്ങുന്നയെന്നെനോക്കി
രാത്രിയുടെ യാമങ്ങളോരാന്നായി തള്ളി നീക്കും
തളരാതെ തളരുന്ന അച്ഛനാണെൻ ദൈവം

# ചക്രം



ഞാൻ ആരാണ്
എന്ന് അറിയാമോ ?
ഞാനാണ് ചക്രം.
ഞാൻ ആദ്യമായി
കാളവണ്ടിയുടെ
ചക്രമായാണ്
തുടങ്ങിയത്.



ഞാൻ ഈ ലോകത്ത്
എല്ലാ വണ്ടിയിലും ഉണ്ട്.
ഞാനിലെങ്കിൽ ഓടാനും
പറ്റില്ല.ഞാൻ ആദ്യം
മരത്തിന്റെചക്രമായിരുന്നു.

ഞാനിപ്പോൾ
കുതിരവണ്ടിയുടെ
കാറ്, സ്കൂട്ടർ, സൈക്കിൾ
എന്നിവയിലും കാണാം.

ഇപ്പോൾ ഇരുമ്പിന്റേയും
റബ്ബറിന്റേയും ചക്രമായി.....
അനസ്യൂതമായി ഓടുന്ന
എനിക്ക് വിശ്രമത്തിനായി
നേരമില്ല......

നിയ സലീഷ്
V B



# ചങ്ങാതിമാരുടെ സ്നേഹം

ഒരിടത്ത് ഒരു കിങ്ങിണിപുഴയും കാടും ഉണ്ടായിരുന്നു.അവിടെ കുറേ മൃഗങ്ങൾ ഉണ്ടായിരുന്നു. ഒരു ദിവസം പുള്ളിമാൻ തീറ്റതേടി നടക്കുകയായിരുന്നു.അപ്പോൾ അതാവരുന്നു ഒരു സിംഹം. ഓടിവന്ന് സിംഹം ഏടുത്തുകൊണ്ട് ഗുഹയിലേക്ക് കൊണ്ട് പോയി. ഞാൻ നിന്ന തിന്നാൻ പോവുകയാണ്. രാജവേ എന്നെ തിന്നല്ലേ.ഇല്ല ഞാൻ തിന്നും. എന്നാൽ എനിക്ക് ഒരു അപേക്ഷയുണ്ട്. എന്ന തിന്നുന്നതിന് മുന്ന്കിങ്ങിണിപുഴയിൽ നിന്ന് കുറച്ച് വെള്ളംകുടിച്ചിട്ടുവരാം. നീ എന്ന പറ്റിക്കുമോ? ഇല്ല. ശരി .. നീ പോയിട്ട് വേഗം വാ വേഗം വരണം. അവൻ നേരെ പോയത് അവന്റെ കൂട്ടുകാരുടെ അടുത്തേക്കാണ് ചെന്നത്. കൂട്ടുകാരാ നീ എന്ന രക്ഷിക്കുമോ? എന്താ എന്തു പറ്റി എന്നെ സിംഹം തിന്നാൻ പോവുകയാണ്. നീ വിഷമിക്കേണ്ട ഞങ്ങൾ നിന്നെ രക്ഷിക്കാം മാൻ കുറേ നേരമായല്ലോ പോയിട്ട്. ഒന്ന് ചെന്ന് നോക്കാം. അപ്പോളേക്കും അവർ വലിയ പാറക്കല്ല് ഉരുട്ടി ഗുഹയുടെ അടുത്തേക്ക് കൊണ്ടുവന്ന് കല്ലുകൊണ്ട് ഗുഹയുടെ വാതിൽ അടിച്ചു.പിന്നെ ഒരിക്കലും സിംഹത്തിന് പുറത്ത് ഇറങ്ങാൻ പറ്റിയില്ല മാൻ എല്ലാവരോടും നന്ദി പറഞ്ഞു

റിഥുല
V B



# ഭൂമി കരയുന്നുവോ.....

**നാം** വസിക്കുന്ന ഭൂമി നമ്മുടെ അമ്മയാണ്.ഇവിടെ ജനിക്കുന്ന ഓരോ മനുഷ്യനും ആവശ്യമായതൊക്കെ ഈ അമ്മ ഇവിടെ ഒരുക്കിവെച്ചിരുന്നു.നമ്മെ കാത്തിരിക്കുന്ന ഈ അമ്മയെ ഹൃദയം തുറന്ന് സ്നേഹിക്കുകയെന്നതാവണം നമ്മുടെ ധർമ്മം.പക്ഷേ, മനുഷ്യന്റെ ആർത്തിമൂലം അവൻ പ്രകൃതിയെ അമിതമായി ചൂഷണം ചെയ്തുകൊണ്ടിക്കുകയാണ്.ഇതിന്റെ അനന്തരഫലമാണ് പരിസ്ഥിതിനാശം.ഈ മണ്ണും ഈ ജലസമ്പത്തും ഈ വനസമ്പത്തും ഈശ്വരന്റെ വരദാനങ്ങളാണ്.ഇവയെ ദുരുപയോഗം ചെയ്യുകവഴി നമ്മൾ സ്വന്തം വാളാൽ സ്വയം വെട്ടിനശിക്കുകയാണ്.കൂട്ടുകാരെ... പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഭൂമിയിൽ ജീവന്റെ നിലനിൽപ്പിന് അത്യാവശ്യമാണ്.ഇതിന് കുട്ടികളായ നമ്മൾക്ക് എന്തൊക്കെ ചെയ്യാൻ സാധിക്കും? പ്രകൃതിക്ക് ഏറ്റവും വലിയ ഭീഷണിയായി മാറിയിരിക്കുന്ന ഒരു വസ്തുവാണ് പ്ലാസ്റ്റിക്ക്.എത്രയെത്ര പ്ലാസ്റ്റിക്ക് കവറുകളാണ് നാം വാങ്ങിക്കൂട്ടുന്നത്.കടകളിൽ പോകുമ്പോൾ ഒരു തുണി സഞ്ചി കൂടി കരുതുന്നത് എത്ര നല്ലതാണ്.പ്ലാസ്റ്റിക്ക് വിമുക്തവിദ്യാലയങ്ങൾ നമുക്ക് മാതൃകയായി മാറണം. വീടുകളിലും കടകളിലും പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറച്ചിരുന്നെങ്കിലെന്ന് ആഗ്രഹിച്ചുപോവുകയാണ്. ഇതിനെ ചെറുക്കാൻ നമുക്ക് പൊതുസ്ഥലങ്ങളിലും വീട്ടുവളപ്പിലും മരം വെച്ചുപിടിപ്പിക്കാം.ഭൂമിയുടെ പച്ചപ്പ് സംരക്ഷിക്കേണ്ടത് എല്ലാവരുടേയും കടമയാണെന്ന് ബോധ്യപ്പെടുത്താനും നാം ശ്രമിക്കണം.

നമ്മുടെ നാടിന്റെ ജീവനാഡിയാണല്ലോ പുഴകൾ.പുഴകളുടെ ആത്മാവ് കുടികൊള്ളുന്ന മണൽപരപ്പ് കാണാകാഴ്ചയാകുന്നകാലം അതിവിദൂരമല്ല.അമിതമായ മണലെടുപ്പിനെതിരെ നാം പ്രതിരോധനിരതന്നെ തീർക്കണം.ഭാവിതലമുറക്ക് കൂടി അവകാശപ്പെട്ട ഇവിടുത്തെ പ്രകൃതിവവിഭവങ്ങളെന്ന തിരിച്ചറിവ് എല്ലാവരിലും ഉണ്ടാകണം.കുന്നുകളും വയലുകളും കൊണ്ട് സമൃദ്ധമായിരുന്ന നമ്മുടെ നാടിന് എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? മണ്ണുമാന്തിയന്ത്രങ്ങൾ എല്ലാം തട്ടി നിരപ്പാക്കിക്കൊണ്ടിരിക്കുകയാണ്.പ്രകൃതി സംരക്ഷണമെന്നത് മനുഷ്യന് പ്രകൃതിയോടുള്ള ഉത്തരവാദിത്വം മാത്രമല്ല മറിച്ച് മനുഷ്യനോടും സഹജീവികളോടും കൂടിയുള്ള ഉത്തരവാദിത്വമാണ്. ഭൂമിയില്ലാതെ മനുഷ്യർക്ക് വേറൊരു വാസസ്ഥാനമില്ല എന്ന വസ്തുത നാം ഓർക്കണം.പ്രകൃതിയുടെ മേൽവിരിച്ച ഓരോ വിജയങ്ങളേയും ഓർത്ത് നാംഅഹങ്കരിക്കേണ്ടതില്ല.അങ്ങനെയുള്ള ഓരോ വിജയങ്ങൾക്കും പ്രകൃതി നമ്മോട് പകരം

ചോദിക്കും.അതാണ് നാം ഇന്ന് അനുഭവിക്കുന്നത്.നമുക്ക് ഒരു മരമെങ്കിലും പ്രകൃതിക്കുവേണ്ടി തിരിച്ചു നൽകാം.അതിലൂടെ നമ്മെ തന്നെയാണ് രക്ഷിക്കുന്നത്.നമുക്ക് ഭക്ഷണവും പാർപ്പിടവും തരുന്ന ശുദ്ധവായുവും ദാഹജലവും തരുന്ന പ്രകൃതിയെ സംരക്ഷിക്കാൻ നമ്മൾ ഉത്സാപൂർവ്വം മുന്നിട്ടിറങ്ങിയേ പറ്റൂ.തടാകങ്ങളേയും അരുവികളുടേയും പുഴകളുടേയും ഇന്നത്തെ സ്ഥിതിയെന്താണ്? കൃത്യമായ കണക്കുകൾ ആരുടേയും കൈവശമുണ്ടായിരിക്കുകയിലല്ല.ജലസ്രോതസ്സുകളുടെ മലിനീകരണം മൂലം നാം ഇന്ന് കനത്ത കുടിവെള്ള ക്ഷാമത്തിലേയ്ക്ക് നീങ്ങുന്നു.കുടിവെള്ളവും അന്നവും അന്യമാകാൻ പോകുന്നു. നമ്മുടെ നാല്പത്തിനാല് നദികളും മരിച്ചുകൊണ്ടിരിക്കുന്നു. കുന്നുകളെല്ലാം ഇടിച്ചു നിരത്തി കോൺക്രീറ്റ് സൗധങ്ങൾ ഉയരുന്നു.എല്ലാമുറ്റവും കോൺക്രീറ്റ് ഇട്ട് മൂടുന്നു.എന്താണ് നമ്മൾ നേടുന്നത്? നമ്മുടെ ഭൂമിക്ക്ചൂടുകൂടുന്നു. എല്ലാം വിഷമയമായിരിക്കുന്നു.നമ്മുടെ നദികൾ നിറഞ്ഞൊഴുകേണ്ടേ....വയലുകളിൽ ഇനിയും പച്ചപ്പ് നിറയേണ്ടേ....നേരിട്ടനഷ്ടങ്ങളിൽ നിന്നും നാം ഇനിയും ഒരു പാഠം ഉൾക്കൊള്ളേണ്ടിരിക്കുന്നു.മുറിച്ച് മാറ്റിയ മരങ്ങൾക്കുപകരം പുതിയ മരങ്ങൾ നടണം.മലിനീകരിക്കപ്പെട്ട പുഴകളും തടാകങ്ങളും നിർമലിനമാക്കാൻ കഴിയണം.അന്യംനിന്നുപോകാറായ ജീവികളെ കണ്ടെത്തി സംരക്ഷിക്കണം. പൂർണ്ണമായി തുടച്ചുമാറ്റപ്പെട്ടുവെന്നു കരുതുന്ന ജീവികളേയും സസ്യങ്ങളേയും നാട്ടിലെവിടേയെങ്കിലുമുണ്ടങ്കിൽ കണ്ടെത്തി സംരക്ഷിക്കണം.

പച്ചപിടിച്ച മഴക്കാടുകളും അനേകം ജലസ്രോതസ്സുകളും അതുപോലെ പ്രകൃതിയുടെ മറ്റ് ഒരുപാട് അനുഗ്രഹങ്ങളും നമ്മുടെ ഈ കൊച്ചുകേരളത്തിലുണ്ട് ഒരു തലമുറയ്ക്ക് ജീവിക്കാനുള്ളതെല്ലാം ഈ ഭൂമിയിലുണ്ടെന്നും എന്നാൽ അത്യാർത്തിക്കുള്ളതില്ലെന്നും നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗന്ധി പറഞ്ഞിട്ടുണ്ട്.ഈ ഭൂമിയെ സ്നേഹിക്കുന്നവരും ഇവിടെ ജനിച്ചുവീഴുന്ന ഓരോരുത്തരും തുല്യരാണെന്ന സാഹോദര്യ ചിന്തയിലുള്ളവരും മഹാത്മാഗന്ധിജിയുടെ ഈ ആശയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാൽ പ്രകൃതിയും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കപ്പെടും.

സിയ എൻ.വി
IX A

**അപ്പൂപ്പൻതാടി**

# മാഹാപ്രളയം..........

പനങ്ങാട് ഹയർസെക്കന്ററി സ്ക്കൂൾ വിദ്യാർത്ഥികൾ ഒറ്റ ക്യാൻവ്യാസിൽ വരച്ച പ്രളയാനുഭവങ്ങളിലൂടെ.................





*അപ്പൂപ്പൻതാടി*



# लोकोक्तियाँ    പഴഞ്ചൊല്ലുകൾ

| | |
|---|---|
| 1.अंधों में काना राजा हैं | മൂക്കില്ലാരാജ്യത്ത് മുറിമൂക്കൻ രാജാവ് |
| 2.एकता बडीलशक्ति हैं | ഐകമത്യം മഹാബലം |
| 3.दूर के ढोल मुहावने लगते हैं | അക്കരെ നില്ക്കുമ്പോൾ ഇക്കരപച്ച |
| 4.जो गरजते है वे बरसते नही | കുരക്കുന്ന പട്ടി കടിക്കില്ല |
| 5.जैसा पति वैसा पत्नी | ചക്കിക്കൊത്ത ചങ്കരൻ |
| 6.कहीं गदहा भी धोडा बन सकता है | കാക്കകുളിച്ചാൽ കൊക്കാകുമോ? |
| 7.बिना बुलाये मान नहीं होता | വിളിക്കാതെ പോയാൽ ഉണ്ണാതെ വരാം |
| 8.एक पथ को दो काज | ഒരു വെടിയ്ക്കു രണ്ടു പക്ഷി |
| 9.ऊँट के मूँह में जीरा | ആനവായയിൽ അമ്പഴങ്ങ |
| 10.शनैः शनैः उन्नति करनेवाला जीता हैं | പയ്യെത്തിന്നാൽ പനയും തിന്നാം |

അഭിരാമി

X A

അപ്പൂപ്പൻതാടി

# मुहावर (ശൈലികൾ)



1.अपने पांवआप कुल्हाडीमारना   സ്വയം നാശം വരുത്തുക.

2.अक्त का अंधा होना   വിഡ്ഢി

3.आसमान सिर पर उठाना   അത്യന്തം പരിശ്രമിക്കുക

4.अंधे के लकडी   ഒരേയൊരാശ്രയം

5.अंगारों पर पैर रखना   സ്വയം അപകടത്തിൽ ചാടുക

6.ओंठों पर नाचना   കാണാപ്പാഠമാവുക

7.ओर निबाहना   വാക്കുപാലിക്കുക

8.ऊलजलूल   കാര്യമില്ലാത്തകാര്യം

സാന്ദ്ര.ടി.ചന്ദ്രൻ

X A

**അപ്പൂപ്പൻതാടി**

# കേരളദ്ദുരന്തം

2018 ജൂലയ് -ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷം ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമാണ് 2018 ലെ വെള്ളപ്പൊക്കദുരന്തം.അതിശക്തമായ മഴയെതുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോരമേഖലകളിൽ ഉരുൾപ്പൊട്ടലുമുണ്ടായി.അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമയി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്ന് വിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു.ചരിത്രത്തിലാദ്യമായി കേരളത്തിലെ 35 അണക്കെട്ടുകളും തുറക്കേണ്ടിവന്നു.26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ ഷട്ടറുകൾ ഒരുമിച്ച് തുറന്നത്.അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണ്ണമായും ഒറ്റപ്പെട്ടുവെന്ന് പറയാം.

നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽവെ, വ്യോമ, ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924 ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018 ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കുന്നത്. കനത്ത മഴയിലും പ്രളയത്തിലും ഉരുൾപ്പൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായതും 140 പേർ ആശുപത്രിയിലും ആയി. കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 391494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 1450707 ആളുകൾ ദുരിതാശ്വാസക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിലെത്തി.

പ്രളയവും തത്ഫലമായുണ്ടായ കെടുതികളെയും തുടർന്ന് കേരളത്തിന് 40000 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ് സംസ്ഥാനസർക്കാറിന്റെ പ്രഥമിക നിഗമനം. വെള്ളപ്പൊക്കത്തെ തുടർന്ന് ലേകമെമ്പാടുമായി വിവിധ രാജ്യങ്ങളിൽ നിന്നും അപ്രകാരം വിവിധപ്രമുഖരിൽ നിന്നും നിരവധി വാഗ്ദാനങ്ങൾ ലഭിച്ചു.ഏല്ലാവരും ഒരൊറ്റമനസ്സായി തോളോട് തോള് ചേർന്ന് കേരളത്തിന്റെ പുനർനിർമ്മാണത്തിനായി പ്രയത്നിക്കുന്നു എന്നതിൽ നമുക്ക് അഭിമാനിക്കാം.

സേതുലക്ഷ്മി പി.എസ്

IX A

അപ്പൂപ്പൻതാടി

# गुरु



किमस्ति तत्पदम्
यः लभते इह सम्मानम्
किमस्ति तत्पदम्
यः करोति देशनिर्माणम्। ।

किमस्ति तत्पदम्
यं प्रणमति सविनयम्
किमस्ति तत्पदम्
यस्य छायया प्राप्तं ज्ञानम्। ।


किमस्ति तत्पदम्
यः रचयति विज्ञानचरित्रम्
"गुरु" रिति पदस्यास्य नाम
नमो गुरुभ्य सर्वेभ्य नमो नमः

सेतुलक्ष्मी
नवमी कक्ष्या
विभागः ए

അപ്പൂപ്പൻതാടി

## കണ്ണീർ പ്രളയം....





**DHANASREE**

DHANASREE

**X A**



# എന്റെ പ്രളയാനുഭവം

അന്ന് ആഗസ്റ്റ് 17 - ാം തിയതി അമ്മയുടെ ഉറക്കെയുള്ള ശബ്ദം കേട്ടാണ് ഞാനും അച്ഛനും എണീറ്റത്. ഞങ്ങൾ ഓടി ഉമ്മറത്തെത്തിയപ്പോൾ കണ്ട കാഴ്ച! മുറ്റം നിറയെ വെള്ളം.ഓരോ സെക്കന്റിലും വെള്ളം കൂടി കൂടി വരുന്നു. പ്രളയം ഞങ്ങളേയും ചേർത്തുപിടിച്ചിരിക്കുന്നു എന്നു മനസ്സിലായി .വീടിനടുത്തുള്ളവർ അത്യാവശ്യസാധനങ്ങളുമെടുത്ത് യാത്രയായി,ഒപ്പം ഞങ്ങളും.വീട്ടുമുറ്റത്ത് നിന്ന് വഞ്ചിയിൽ ഒരു യാത്ര! സ്വപ്നേപി ചിന്തിക്കാത്തത്.

റോഡിലേക്കെത്തിയ ഞങ്ങൾ ഒഴിഞ്ഞുകിടക്കുന്ന വല്യച്ഛന്റെ വീട്ടിൽ അഭയം തേടി.പക്ഷെ കുറച്ചുകഴിഞ്ഞപ്പോൾ അവിടേയ്ക്കും വെള്ളം വരുമെന്ന് തോന്നി.ഞങ്ങൾ അച്ഛന്റെ കസിന്റെ വീട്ടിലേയ്ക്ക് പോയി.ആ രാത്രി അമ്മ ഉറങ്ങിയതേയില്ല.ഞാനും ഉറക്കത്തിൽ ഞെട്ടിയെണീറ്റുകൊണ്ടിരുന്നു.അടുത്തദിവസം ചെന്നപ്പോൾ വെള്ളം വളരെ ഉയർന്നതായി കണ്ടു.വഞ്ചിയിൽ പ്രയാസപ്പെട്ട് തുഴഞ്ഞുവീട്ടിലെത്തിയപ്പോൾ വീടിനുള്ളിലേയ്ക്ക് വെള്ളം കയറിയിരുന്നു.ആരുമായി ഫോണിൽ ബന്ധപ്പെടാനാവാത്ത അവസ്ഥ.വാർത്തകൾ ഓരോന്നും ഭയപ്പെടുത്തിക്കൊണ്ടിരുന്നു.ടി.വി.യിൽ കണ്ട അന്നത്തെ വാർത്ത ഞങ്ങളെ ഞെട്ടിച്ചുകളഞ്ഞു.കരുവന്നൂർ ബണ്ട് മുഴുവൻ പൊട്ടിത്തകർന്നിരുന്നു.പുഴയുടെ തീരത്തുള്ള മാമന്റെ വീടിന്റെ കാര്യം ഓർത്തപ്പോൾ ഭയമായി മാമനെ ഫോണിൽ കിട്ടിയപ്പോളാണ്

അപൂപൻതാടി

ഭീകരാവസ്ഥ അറിഞ്ഞത്.മാമ്മന്റെ വീട്ടും ഫാമും എല്ലാം തകർന്നിരിക്കുന്നു.പോർക്കുകളും പശുക്കളും ചത്തുകിടക്കുന്ന ഫോട്ടോകൾ കണ്ട ഞങ്ങളാകെ തകർന്നു പോയി മാമ്മന്റെ അവസ്ഥ ആലോചിച്ചിട്ട് അമ്മ കരഞ്ഞുതളർന്നു.പുതിയവീട് എന്ന മാമ്മന്റെ സ്വപ്നം വീണ്ടും വിദൂരത്തായി.ക്യാമ്പുകളിൽ കഴിയുന്നവരെ കാണാൻ അമ്മയോടൊപ്പം ഞാൻ പോയി.അവരുടെ പലരുടേയും അവസ്ഥ കണ്ടപ്പോൾ ഞങ്ങൾക്ക് താമസിക്കാനും ഭക്ഷണത്തിനും സൗകര്യമുള്ള വീടുണ്ടല്ലോ എന്നാശ്വസിച്ചു.

ചേട്ടൻ ബാംഗ്ലൂരിൽ നിന്നെത്തിയത് വീടുവൃത്തിയാക്കാനും മറ്റും വളരെ സഹായകമായി. ഈ വർഷത്തെ ഓണം കേരളം ആഘോഷിച്ചില്ല.....ഞങ്ങളും....കേരളത്തെയാകമാനം തകർത്തെറിഞ്ഞ പ്രളയത്തിന് ഞാനും സാക്ഷിയായി.......

ഭദ്ര പി കെ

7 A











അപ്പൂപ്പൻതാടി

# ചിമ്മിണി എന്ന സ്വർഗ്ഗം

*ഒരു യാത്രാവിവരണം*



2018 നവംബർ 11 ബുധനാഴ്ച്ച 10:30 ന് ഞങ്ങളുടെ സ്കൂളിലെ 39 പേരടങ്ങുന്ന ഒരു യാത്രപുറപ്പെട്ടു.ചിമ്മിണിയിലേയ്ക്കായിരുന്നു യാത്ര...

രസകരമായ യാത്രയ്ക്കൊടുവിൽ ചിമ്മിണിയോടടുത്തപ്പോൾ മുളകളുടെ കൂട്ടം കൂട്ടമായി കണ്ടു.ചുറ്റും പച്ചപ്പ് മാത്രം എത്രസുന്ദരം.

കണ്ടാൽ ഒരിക്കലും കണ്ണെടുക്കാൻ തോന്നില്ല.കുറച്ചുകൂടി പോയപ്പോൾ മലകൾ കാണാൻ തുടങ്ങി.കടന്നുപോകുന്ന വഴിയിൽ ആനത്താരകൾ കണ്ടു.അതുകണ്ടപ്പോൾ ആനയെക്കാണാൻ പ്രാർത്ഥിച്ചു.കുറച്ചു കഴിഞ്ഞപ്പോൾ ചിത്രശലഭങ്ങൾ കൂട്ടമായി കളിക്കുന്നു...ഞാനും ഒരു ചിത്രശലഭമായിരുന്നെങ്കിൽ......ഒരു നിമിഷം ഓർത്തുപോയി.......യാത്ര തുടർന്നു....ഉച്ചയായപ്പോൾ ഞങ്ങൾ ചിമ്മിണിയിലെത്തി.വിശപ്പിന്റെ വിളിയിൽ വേഗം തന്നെ ഭക്ഷണം കഴിച്ചു.കുറച്ച് നേരം മുറിയിൽ വിശ്രമിച്ചതിനുശേഷം പുറത്തേയ്ക്കിറങ്ങി.

ഞങ്ങളുടെ ഗൈഡ് ബൈജു സർ അവിടെ ഒരു സ്ഥലത്ത് നിന്നുകൊണ്ട് വദൂരതയിലേയ്ക്ക് നോക്കാൻ പറഞ്ഞു.ദാ...അവിടെ മലകൾ ഡാമിലേയ്ക്ക് ന്യഴ്ന്നിറങ്ങി നിൽക്കുന്നു അതിൽ പ്രധാനികൾ പൂമല, ഈറ്റകൊമ്പൻ, പാണ്ടിമുടി, പാണ്ടിപ്പെട്ടി എന്ന മലകളായിരുന്നു.ഇതെല്ലാം ആസ്വദിച്ചതിനുശേഷം ചായയും കുടിച്ച് നക്ഷത്രവനം കാണാൻ പോയി. അവിടെ എത്തിയപ്പോൾ ഞങ്ങൾ സ്വന്തം വൃക്ഷത്തെ തിരിച്ചറിയാനുള്ള തിരക്കിലായി.അതു സംരക്ഷിക്കണമെന്ന വലിയ ഒരാശയത്തിലേയ്ക്ക് ഞങ്ങളെ ബൈജു സാർ നയിച്ചു.

**അപ്പൂപ്പൻതാടി**

എന്തൊ...ഒരാത്മബന്ധം വൃക്ഷത്തിനോട്ടു തോന്നിയ നിമിഷം.കുറച്ചു നീങ്ങിയപ്പോൾ കുറച്ചകലെ നിറയെ ചിത്രശലഭങ്ങൾ വന്നിരിക്കുന്ന ഒരു ചെടി കണ്ടു.എല്ലാവർക്കും ആഹ്ലാദമായി.......ഞങ്ങളേക്കാളേറെ സന്തോഷിച്ചത് രശ്മിടീച്ചറായിരുന്നു....ആ ചെടിയെ കുറിച്ച് ടീച്ചർ സകൗതുകം ചോദിച്ചറിഞ്ഞു.അവിടെ നിന്ന് ഞങ്ങൾ ചിമ്മിണി മ്യൂസിയത്തിലേക്ക് പോയി.......85 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള വനമുൾപ്പെടുന്നതാണ് ചിമ്മിണി എന്ന് അത്ഭുതത്തോടെ ഞങ്ങൾ മനസ്സിലാക്കി.കയ്യിൽ ബാഗുകൾ കരുതാതെ വന്നതിനാൽ അതിനുപുറകിലായുള്ള എക്കോഷോപ്പിൽ നിന്നും ഒന്നും വാങ്ങുവാൻ സാധിച്ചില്ല.ആ വിഷമത്തെ മറികടക്കുവാൻ ക്ഷമതയുള്ള ഒരു കാഴ്ചയിലേയക്ക് ഞങ്ങളെത്തി.ഡാമിന്റെ ഒരു ഭാഗത്ത് ഇറങ്ങി കുളിർമ്മയാർന്ന പളുങ്ക് വെള്ളത്തിൽ ഞങ്ങൾ മുഖം കഴുകിയും ചിത്രങ്ങളെടുത്തും ആ കുളിർമ്മ ഞങ്ങൾ അനുഭവിച്ചു..........

റൂമിലെത്തി കുളികഴിഞ്ഞതിനുശേഷം രാത്രി എട്ടരയോടെ സാറിന്റെ ക്ലാസ്സ് കേൾക്കുവാൻ ഞങ്ങളെല്ലാവരും ഹാളിലെത്തി.മനോഹരങ്ങളായ വീഡിയോ ദൃശ്യങ്ങൾ കാണിച്ചുകൊണ്ട് കാടും കാട്ടുനിയമങ്ങളും പറഞ്ഞുതന്നു.ശേഷം ഇന്ദുചൂഡൻ സാറിന്റെ പക്ഷി നിരീക്ഷണത്തെ പറ്റിയുള്ള വീഡിയോയും കാണിച്ചുതന്നു.അതിനുശേഷം ഞങ്ങൾ ഭക്ഷണം കഴിച്ചുറങ്ങി.



പിറ്റേദിവസം രാവിലെ അഞ്ചുമണിയോടെ ഉണർന്നു ഏഴുമണിയോടെ എല്ലാവരും ഹാളിലേയ്ക്കുചെന്നു.
ഇന്നാണ് നാം കാട്ടിനുള്ളിലേയ്ക്ക്പോകുന്നത് എന്ന് ബൈജുസാർ പറഞ്ഞപ്പോൾ ഉള്ളിൽ ആഹ്ലാദവും ഭയവും ഒന്നിച്ചലയടിച്ചു.

***അപ്പൂപ്പൻതാടി***

കുറച്ച് നിർദ്ദേശങ്ങൾ തന്നു.ഞങ്ങൾക്ക് വളരെ ഇഷ്ടപ്പെട്ട പുട്ട് ആണ് ഇന്നത്തെ പ്രാതൽഅതും കഴിച്ച് ഞങ്ങൾ കാട്ടിനുള്ളിലേയ്ക്ക്നടന്നു നീങ്ങി.

ഞങ്ങളെ കൂടാതെ ഒരു ചേച്ചിയും രണ്ട് ഫോറസ്റ്റ് ഗാർഡും കൂട്ടത്തിലുണ്ടായിരുന്നു.മലയുടെ താഴ്വരയിലൂടെ നടന്നു നീങ്ങുമ്പോൾ താണി, വെന്തേക്ക്, ഈന്തൽ എന്നിങ്ങിനെ ഒരുപാട് മരങ്ങൾ കണ്ടു.കാട് ആന്ദകരമായ മനസ്സിനെ തരുന്നു എന്ന് അവിടെ എത്തിയപ്പോൾ മനസ്സിലായി.ആദ്യം കണ്ട കാട്ടിൽ നിന്നും വ്യത്യസ്ഥമായ ഒരു കാടിനെയാണ് പിന്നെകാണാൻ സാധിച്ചത്.അതിനിടയിലുള്ള സ്ഥലത്ത് കഴിഞ്ഞ പ്രളയത്തിൽ ഉരുൾപ്പൊട്ടിയ സ്ഥലം കാണാൻ സാധിച്ചു.കാട് സ്വയം നിർമ്മിക്കപ്പെടുന്നു എന്ന് ബൈജുസാർ ഞങ്ങൾക്കു പറഞ്ഞുതന്നു.കുറച്ച് നടന്നപ്പോൾ ഒരു വെള്ളച്ചാട്ടം കാണുവാൻ കഴിഞ്ഞു.കുറച്ചുസമയം അതിൽ കളിച്ച് ഉല്ലസ്സിച്ച് നടന്നു.കട്ടുചെടികളെ തഴുകി കാട്ടുചോലയിലൂടെ ഒഴുകിവരുന്ന വെള്ളം ഞങ്ങളെല്ലാവരും കുടിക്കുവാനായി കുപ്പികളിലാക്കിയെടുത്തു.തിരിച്ചുപോരുമ്പോൾ



വഴിയിൽ ഒരാനയിരിക്കുന്നപോലെയുള്ള പാറകണ്ടു കൗതുകം നുകർന്നു.പിന്നീട് റൂമിലേക്ക് തിരിച്ചു.ചെറുതായി ക്ഷീണം തോന്നിയിരുന്നു എന്നാൽ അവിടുത്തെ പ്രകൃദത്തമായ ഉച്ചഭക്ഷണം കഴിച്ചപ്പോൾ അതെല്ലാം അകന്നു.കാഴ്ച്ചയുടെ വിസ്മയലോകത്തെകുറിച്ച് പറഞ്ഞ ഞങ്ങൾ പതുക്കെ കിടക്കയിലേയ്ക്ക് ചാഞ്ഞു.

വൈകുന്നേരത്തെ ചായക്കുശേഷം വീണ്ടും ഡാമിലേയ്ക്ക്..........ഡാമിന്റെ മുകളിലൂടെ നീണ്ടപാലം എന്നു തോന്നിക്കുന്ന പാതയിലൂടെ നടന്നു അവിടെത്തെ മനോഹരിതകൾ ഞങ്ങൾ ക്യാമറയിൽ പകർത്തി.കുറച്ചു നടന്നപ്പോൾ

അപ്പൂപ്പൻതാടി

വെള്ളത്തിന്റെ ആർത്തിരമ്പുന്നശബ്ദം കേട്ടു അപ്പോഴാണ് ഞങ്ങൽ ഷട്ടറിന്റെ അടുത്തെത്തിയതറിഞ്ഞത്.വെള്ളം അതിവേഗത്തിൽ കുത്തിയൊഴുകുകയായിരുന്നു. കുറേയേറെ സമയം അവിടെ ചിലവഴിച്ചതിനുശേഷം ഞങ്ങൾ അവിടെനിന്നും റൂമിലേയ്ക്ക് തിരിച്ചു.ഞാൻ രശ്മിടീച്ചറുടെ കൂടെ നടന്നുനീങ്ങി വഴിയിൽ ഒരുപാട് പശുക്കളെ കാണാൻ സാധിച്ചു.ആ പശുക്കളെല്ലാം സ്വതന്ത്രമായി മേഞ്ഞുനടക്കുകയായിരുന്നു.പിന്നീട് രാത്രിയിൽ കലാപരിപാടികൾ അവതരിപ്പിച്ചു.ഞങ്ങളുടെ ഗൈഡായ ബൈജു സാറിന്റെ പാട്ടും അതിന് മികവാർന്നു.രശ്മി ടീച്ചറും ലിജിടീച്ചറും പാട്ടുകൾ പാടി ഭക്ഷണശേഷം പത്തുമണിയോടെ ഞങ്ങൾ ഉറങ്ങി.പിറ്റേന്ന് ആറുമണിയോടെ എഴുന്നേറ്റു വളരെ വിഷമത്തിലായിരുന്നു ഞങ്ങൾ ചിമ്മിണിയെന്ന സ്വർഗ്ഗം ഇന്ന് വിട്ടുപോരുന്നു.കുളി കഴിഞ്ഞ് ചായകുടിച്ച് പാമ്പിനെ പിടിക്കുന്ന ആന്റെണി കുഞ്ഞാപ്പു എന്ന സാറിന്റെ ക്ലാസ്സുണ്ടായിരുന്നു.പാമ്പുകളെ പറ്റി വിശദമായി പഠിച്ചു.ഒരു പാമ്പിനെ താൻ കൊണ്ടുവന്നിട്ടുണ്ടെന്നും അതിന് ജീവനുണ്ടെന്നും പറഞ്ഞ് പുറത്തേയ്ക്കിട്ടു.എല്ലാവരും പേടിച്ചു.എന്നാൽ അതൊരു പ്ലാസ്റ്റിക്ക് പാമ്പായിരുന്നു. ഞങ്ങളുടെ സ്കൂളിൽ നിന്നും കഴിഞ്ഞ വർഷം ചിമ്മിണി സന്ദർശനഭാഗമായി തയ്യാറാക്കിയ വാസം എന്ന മാഗസിൻ അവിടെ കൊടുത്തു.അവസാനം ചിമ്മിണിയോട് വിടപറഞ്ഞു ഞങ്ങൾ പോന്നു.

*അപ്പൂപ്പൻതാടി*



# ഭൂമി

സർവ്വം സഹയായ ഭൂമി
നിൻ പച്ചപ്പുകളെ ആദ്യം വെട്ടിയറിഞ്ഞു
നിൻ നീർച്ചാലുകളെ തച്ചു തകർത്തു ഞങ്ങൾ
കുന്നും മലകളും ഇടച്ചുനിരത്തി
കടലിനെപോലും തുരന്നുതിന്നുഞങ്ങൾ
ഹരിതാഭ സുന്ദര സുരഭില ഭൂമി
നിൻ രൂപമാകെ വിരൂപമാക്കി
നിൻ ആത്മാവിനെ ചുട്ടെരിച്ചു ദുഷ്ടരാം ഞങ്ങൾ
പുകവീണു കറുത്തുപോയി നിൻ അന്തരീക്ഷം
വിഷം വീണു മലിനമായി നിൻ ദാഹജലം
കനലായി എരിയുന്നു നിൻ ആത്മരംഗം
അമ്ലമഴയായി പെയ്യുന്നു നിൻ ചുടുകണ്ണീർ
നിൻ നോവുമാത്മാവിനെ പിച്ചിച്ചീന്തി
എറിയുന്നു ഞങ്ങൾ
ഇനിയും സഹിക്കുകയാണു നീ........
നിൻ ആത്മശാന്തിക്കായി നേരുന്നു

ശ്രീലക്ഷ്മി ഇ.ജി
IX A

അപ്പൂപ്പൻതാടി



# നീലാമ്പരി

**അ**വൾ ഇന്നും ഒഴുകുന്നു.എല്ലാം മറന്നു കഴിഞ്ഞിരിക്കുന്നു.എത്രയോ ജീവജാലങ്ങൾക്ക് അവൾ താങ്ങാണ്, തണലാണ്, അന്നമാണ്, ജലമാണ്.അവൾ തന്റെ കാമുകനേയും കാത്ത് അങ്ങിങ്ങായ് അലഞ്ഞ് തിരിയുന്നു.അവളുടെ മാറിലായി അരയന്നങ്ങൾ നൃത്തം വെയ്ക്കുന്നു.അവളുടെ മാത്രം സ്വന്തമാണെന്ന് വാദിച്ച് താമരകൾ കലഹിക്കുന്നു അതെ നീലാമ്പരി ഒരു പുഴയാണ്.കവിഞ്ഞൊഴുകുന്ന പുഴ.അവിടെയുള്ളവരുടെ കൃഷിയിടങ്ങൾ നനക്കുന്നത് അവളുടെ സ്നേഹം കൊണ്ടാണ്.അവൾ എല്ലാവരുടേയും സ്നേഹമായ് ഇന്നും സുന്ദരിയായി ഒഴുകുന്നു.കഴിഞ്ഞ ജന്മത്തിലെ നീലാമ്പരിയെ കൊത്തിവെച്ചപോലെ.

അവൾ ഈ ജന്മത്തിൽ പുഴയായിരുന്നെങ്കിൽ കഴിഞ്ഞ ജന്മത്തിൽ ഒരു സുന്ദരിയായ ഒരു പെൺകുട്ടിയായിരുന്നു.അതിസുന്ദരിയായ ഒരു പെണ്ണ്.നീലാമ്പരി, അവൾ അങ്ങേയറ്റം കരുണയുള്ളവളും സ്നേഹമുള്ളവളും ആയിരുന്നു.ഈലോകത്ത് അവൾക്ക് സ്വന്തമെന്ന് പറയാൻ അച്ഛനും, അമ്മയും മാത്രമായിരുന്നു ഉണ്ടായിരുന്നു.വളരെ മിടുക്കിയായൊരു കുട്ടി.നീലാമ്പരി എന്നുവച്ചാൽ എല്ലാവർക്കും വല്യകാര്യമായിരുന്നു.അവളുടേത് ഒരു കർഷകഗ്രമമാണ്.അവിടെ സ്കൂളുകൾ ഉണ്ടായിരുന്നില്ലെന്ന് സാരം.അതുകൊണ്ട് തന്നെ അച്ഛനും അമ്മയും പകർന്ന് നൽകിയ സ്നേഹമെന്ന ഒറ്റ വിദ്യഭ്യാസമേ അവൾക്കുള്ളു.എല്ലാവരേയും സ്നേഹിക്കാൻ മാത്രം പഠിപ്പിച്ചു.അവളുടെ മാതപിതാക്കൾ.അവൾ തൊടിയിലും വയലിലും പുഴയിലും മറ്റും കളിച്ചുവളർന്നു.അവർ സ്വന്തമായ ഭൂമിയിലല്ല കൃഷി ചെയ്തിരുന്നത് മറ്റൊരു മുതലാളിയുടെ ഭൂമിയിലാണ് അവർ കൃഷിചെയ്തിരുന്നത്.

*അപ്പൂപ്പൻതാടി*

ശങ്കരൻ നായർ എന്നാണ് ആ മുതലാളിയുടെ പേര്.ശങ്കുമുതലാളി എന്നാണ് അയാളെ എല്ലാവരും വിളിച്ചിരുന്നത്.അയാൾ വലിയ പണക്കാരനായിരുന്നു.അയാൾക്ക് ഒരുപാട് കൃഷിഭൂമികൾ ഉണ്ട്.ഓരോ പാവപ്പെട്ട കർഷകരുടെ കൺകണ്ടദൈവം.

അങ്ങനെ അവൾ വളർന്ന് ഒരു പെൺകുട്ടിയായി. അതിസുന്ദരിയായി.ആരുകണ്ടാലും ഒന്ന് നോക്കി പോകും അത്രയ്ക്ക് സുന്ദരി.മുട്ടോളം മുടിയും വാലിട്ടെഴുതിയ കണ്ണും എല്ലാം അവളുടെ സൗന്ദര്യത്തെ വർണ്ണിക്കുന്നു.ആ ഗ്രാമത്തിൽ അതുപോലെ ഒരു പെൺകുട്ടിയെ കണ്ടെത്താൽ അസാധ്യമായിരുന്നു.അവളുടെ സ്വഭാവംകൊണ്ടും സൗന്ദര്യംകൊണ്ടും നീലാമ്പരി മറ്റുപെൺകുട്ടികളിൽ നിന്ന് വ്യത്യസ്തമായിരുന്നു.

ശങ്കുമുതലാളി ഒരു പെൺകോന്തനാണ്.അയാൾ ഒരു പെണ്ണിനേയും വെറുതെ വിടില്ല.അയാൾക്ക് ഒരാശ നീലാമ്പരിയെ വേണം.അവളെ സ്വന്തമാക്കണം.കല്യാണം കഴിച്ച് കൂടെപൊറുപ്പിക്കണം ഇത് ഒരു മനസ്സിൽ മാത്രം ഒതുങ്ങി.അയാൾക്ക് ഒരു ഭാര്യയൊള്ളു എങ്കിലും ഗ്രാമത്തിലെ ഒരുപാട് പെൺകുട്ടികളുടെയും സ്ത്രീകളുടേയും ദൈവമാണ് ശങ്കുമുതലാളി.പുറം ലോകമറിയാത്ത നഗ്നമായ സത്യമാണ് ഇതിന്നും.

ഈയിടയ്ക്കാണ് മുതലാളിയുടെ ഇളയമകനായ ദേവൻ വന്നത്.എം.ബി.ബി.എസ് പഠനം പൂർത്തിയാക്കിയിട്ടുള്ള വരവാണ്.അവനെ വീട്ടിലുള്ളവർക്കും ഗ്രാമവാസികൾക്കുമെല്ലാം വളരെ ഇഷ്ടമാണ്.വീട്ടിൽ വന്നിട്ട് ആദ്യമായി ഒന്ന് പുറത്തേയ്ക്ക് പോയി.പോകുംവഴിയിൽ ദേവൻ നീലാമ്പരിയെ കണ്ടു.കണ്ടമാത്രയിൽ നീലാമ്പരിയെ ദേവന് ഇഷ്ടമായി ഒരു പാട് ........മനസ്സിൽ അവളങ്ങ് കയറികൂടി.നീലാമ്പരിയും കണ്ടു.പക്ഷെ അവൾ അങ്ങനെയൊരു മനോഭാവമുള്ള പെൺകുട്ടിയല്ല.അവൾ ഒരു ശുദ്ധയാണ് അതുകൊണ്ട് തന്നെ അങ്ങനെയൊന്നും ചിന്തിച്ചില്ല.പിന്നീടങ്ങോട്ടുള്ള ഓരോ ദിനരാത്രങ്ങളും നീലാമ്പരി ദേവന്റെ മനസ്സിൽ വന്നുനിറഞ്ഞുകൊണ്ടിരുന്നു.ഓരോ ദിവസ്സവും ദേവൻ നീലാമ്പരിയെ കാത്ത് അവൾ പോകുന്നവഴിയിൽ കാത്തുനിൽക്കും.ഒരു ദിവസം

അപ്പൂപ്പൻതാടി

നീലാമ്പരി തൊടിയിലൂടെ നടക്കുമ്പോൾ ദേവൻ തടഞ്ഞ് നിർത്തി തന്റെ ഇഷ്ടം തുറന്ന് പറഞ്ഞു.അവൾ ആകെ ഭയന്ന്പോയി.അവളുടെ തൊണ്ടയിടറി.ഒന്നും പറയാൻ കഴിയാതെ ദേവനെ തട്ടിമാറ്റി നീലാമ്പരി മുന്നോട്ട് പോയി.പിന്നീടുള്ള ഓരോ ദിവസവും അവളെ ദേവൻ വല്ലാതെ ശല്യം ചെയ്യാൻ തുടങ്ങി.

ഓരോ തവണയും അവൾ ഒഴിഞ്ഞുമാറിക്കൊണ്ടിരുന്നു.പക്ഷെ ഇതെല്ലാം ആ ഗ്രാമത്തിൽ പാട്ടായി.ദേവനും നീലാമ്പരിയും പ്രണയത്തിലാണെന്ന് ഗ്രാമം മുഴുവൻ വിധിയെഴുതി.മറ്റുള്ളവരുടെ മുമ്പിൽ അവൾ ഒരു പരിഹാസകഥാപാത്രമായി.അവൾ എന്ത് പറഞ്ഞാലും ആരും വിശ്വസിക്കില്ല ഇതുവരെ ഒരു നോക്കുകൊണ്ടുപോലും നോവിക്കാത്ത തന്റെ മാതാപിതാക്കൾ വരെ അവളെ കുത്തിനോവിക്കാന്ഡ തുടങ്ങി.അഹങ്കാരി, അത്യാഗ്രഹി, ഗുരുത്വം കെട്ടവൾ എന്നിങ്ങനെയുള്ള പേരുകൾ അവളുടെ നെറ്റിയിൽ ചാർത്തി.അവളുടെ മനസ്സും വെറുത്തുപോയി.അവളും ആപ്രണയം ആഗ്രഹിച്ചുപോയി.

ഇതെല്ലാം കേട്ട് സഹിക്കാൻ കഴിയാതെ അങ്ങേയറ്റം രോഷാകുലനായി ശങ്കുമുതലാളി.തനിക്ക് നീലാമ്പരിയെ വിവാഹം കഴിച്ചുതരണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് തന്റെ പുത്രൻ ഒരു ഭാഗത്ത്.താൻ അങ്ങേയറ്റം ആശിച്ച ഒരു കാര്യം മറുവശത്ത്.ഒരുത്തരം കണ്ടെത്താനാവാതെ ശങ്കുമുതലാളി ഒരുപാട് വെള്ളം കുടിച്ചു.അവസാനം ഒരുപായം മനസ്സിൽ തോന്നി.അവളെ ആർക്കും വേണ്ട.അവളെ അങ്ങ് കൊന്ന്കളയുക. അങ്ങനെ അതിന് ആളുകളെ തയ്യാറാക്കി.ഒരു രാത്രി അതിനായി ഉഴിഞ്ഞുവച്ചു. ആ ദിവസം അടുത്തു.ഒരു കൂരിരുട്ട് നിറഞ്ഞ രാത്രി നീലാമ്പരിയെ ഈ ലോകത്തുനിന്ന് അയാൾ അടർത്തിമാറ്റി.നീലാമ്പരി കൊലപാതകം ഇന്നും തെളിയാത്ത സത്യമായി അവശേഷിക്കുന്നു.തന്റെ പ്രിയപ്പെട്ടവളെ കാത്ത് ദേവൻ അലഞ്ഞുതിരിയുന്നു.തന്റെ പ്രതികാരം അടക്കിവെച്ച് തന്റെ കാമുകനെ കാത്ത് നീലാമ്പരി ഒരു പുഴയായി രണ്ടാം ജന്മമെടുത്തു................................. ദേവനെ കാത്ത് നീലാമ്പരി ഒഴുകുന്നു............................................

മുബീന വി എം

IX A

***അപ്പൂപ്പൻതാടി***



# വായിച്ചാലുള്ള ഗുണം

ഒരു ദിവസം മിന്നു വായനശാലയിലേയ്ക്ക് പോകുവാൻ ഒരുങ്ങി നിൽക്കുന്നത് അവളുടെ കൂട്ടികാരിയായ ലക്ഷ്മി കണ്ടു.അവൾ ഓടിയെത്തി മിന്നുവിനോട് ചോദിച്ചു.വാ നമുക്ക് കളിക്കാം.അപ്പോൾ മിന്നു പറഞ്ഞു.ഞാനില്ല കളിക്കാൻ ഞാൻ വായനശാലയിലേയ്ക്ക് പോകുന്നു.ലക്ഷ്മി എത്ര വിളിച്ചിട്ടും മിന്നുവന്നില്ല.അവൾ വായനശാലയിലേയ്ക്ക് പോയി.കുറെ പുസ്തകങ്ങൾ വായിച്ചു.പിറ്റേന്ന് സ്കൂളിൽ വച്ച് ബീന ടീച്ചർ ലക്ഷ്മിയോട് ഒരു ചോദ്യം ചോദിച്ചു.അവൾക്ക് കിട്ടിയില്ല.മിന്നുവിനോട് ടീച്ചർ അതേ ചോദ്യം തന്നെ ചോദിച്ചു.മിന്നുവിന് ഉത്തരം കിട്ടി.ലക്ഷ്മിക്ക് ടീച്ചർ നല്ല അടികൊടുത്തു.അന്ന് സ്കൂളിൽ നിന്ന് മടങ്ങി വരുമ്പോൾ ലക്ഷ്മി മിന്നുവിനോട് ചോദിച്ചു.നിനക്ക് എങ്ങനെ ആ ചോദ്യത്തിന് ഉത്തരം കിട്ടി അപ്പോൾ മിന്നു പറഞ്ഞു. അത് ഞാൻ പുസ്തകം വായിച്ചകാരണമാണ് എനിക്ക് ചോദ്യത്തിന്റെ ഉത്തരം കിട്ടിയത്.അന്നു തുടങ്ങി മിന്നു വായനശാലയിലേയ്ക്ക് പോകുമ്പോൾ ലക്ഷ്മി അവൾക്കൊപ്പം പോകും.എന്നിട്ട് അവൾക്കൊപ്പം നല്ല പുസ്തകങ്ങൾ വായിക്കും.ഒരു ദിവസം സ്കൂളിൽ ടീച്ചർ ഒരു ചോദ്യം ചോദിച്ചപ്പോൾ ലക്ഷ്മിക്ക് അതിന്റെ ഉത്തരം കിട്ടി.ലക്ഷ്മി വളരെ സന്തോഷമായി കാരണം ടീച്ചർ ചോദിച്ചതിന്റെ ഉത്തരം കിട്ടിയല്ലോ!അന്ന് അവൾ അവളുടെ കൂട്ടുകാരിയോട് നന്ദി പറഞ്ഞു.

നന്ദന എ എസ്
V A



# चन्द्रिका

सुन्दरमत्यन्तं शुभदृश्यम्
सन्ततमिदमतिरमणीयम्।
हन्तसतामति मोहनवासम्
सुन्दरमत्यन्तं चन्द्रिका।।

केकीशुकपिकखगवासीनां
शोकपहरवसंयुक्तम्।
सुन्दरसूनसमेतमनोज्ञम्
सुन्दरमत्यन्तं चन्द्रिका।।

रजतगिरेरतिविदित किरीटम्
गजबुरगदिभरं नितरम्।
बहुजनभाषण भूषणकान्तम्
सुन्दरमत्यन्तं चन्द्रिका।।

पश्यतुतुंगरंगविधानं
नृत्तविशेषं परितोषम्।
भूसुरभासुरवासविलासं
सुन्दरमत्यन्तं चन्द्रिका।।

देविका पि.एस्
नवमी कक्ष्या



# ഐക്യത്തോടെ......

സുഹൃത്തേ......

കേരളസംസ്ഥാനം രൂപീകൃതമായതിനുശേഷം സംഭവിച്ച ഏറ്റവും വലിയ പ്രകൃതി ദുരന്തത്തിലൂടെയാണ് നാം കടന്നുപോയത്.ഒട്ടേറെ മനുഷ്യർക്ക് ജീവഹാനി സംഭവിക്കുകയും കോടികണക്കിന് രൂപയുടേയും മറ്റുനാശനഷ്ടങ്ങളും വരുത്തിക്കൊണ്ടാണ് പ്രളയം കടന്നുപോയത്.എങ്കിലും സർക്കാർസംവിധാനങ്ങളും പൊതുജനങ്ങളും പൊതുപ്രവർത്തകരും ഇതരസാമൂഹ്യ-സാംസ്കാരികപ്രവർത്തകരും സമചിത്തതയോടെയും കാര്യക്ഷമതയോടെ പ്രവർത്തിച്ചതുകൊണ്ടാണ് ഈ ദുരന്തത്തിന്റെ വ്യാപ്തികുറക്കാനായതെന്ന് നമുക്കറിയാം.പ്രളയം നമ്മെപലതും പഠിപ്പിച്ചു.അതിലൊന്ന് ജാതിമതസങ്കുചിത താൽപര്യങ്ങളേക്കാൾ വലുത് മനുഷ്യത്വവും കൂട്ടായപ്രവർത്തനങ്ങളുമാണ് എന്നതാണ്.നിരവധിയായ നവോത്ഥാനമുന്നേറ്റങ്ങളുടേയും മനുഷ്യരുടേയും ത്യാഗനിർഭരവും ഐതിഹാസികമായ ജീവിതങ്ങളും പ്രവർത്തനങ്ങളുമാണ് നമ്മുടെ കേരളത്തെ രൂപപ്പെടുത്തിയിട്ടുള്ളത്.അതിന്റെയെല്ലാം ഓർമ്മപുതുക്കുന്ന തരത്തിലുള്ള ഉന്നതമായ മാനവികപ്രവർത്തനങ്ങൾ വിവിധ ഇടങ്ങളിലായി പ്രളയകാലത്ത് നാം കണ്ടു.എങ്കിലും സമീപദിവസങ്ങളിൽ സ്ത്രീകളുടെ ശബരിമല പ്രവേശനവുമായി ബന്ധപ്പെട്ട സുപ്രീംകോടതി വിധിയും തുടർന്ന് കേരളത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന വിവാദങ്ങളും മേൽപ്പറഞ്ഞതിന്റെയെല്ലാം ശോഭകെടുത്തുന്ന തരത്തിലുള്ളതായി എന്നുപറയാതെ വയ്യ.

അതുകൊണ്ട് പ്രളയത്തിൽ തകർന്ന കേരളത്തെ പുനനിർമ്മിക്കുമ്പോൾ മതേതരബോധവും ഒരുമയും കൂട്ടിയുള്ള കേരളത്തെയാണ് വിഭാവനം ചെയ്യേണ്ടത്.ശ്രീനാരായണഗുരുവും അയ്യങ്കാളിയും അതുപോലെയുള്ള മഹാരഥൻമാരും വിഭാവനം ചെയ്ത തുല്യതയും ഐക്യബോധവുമുള്ള കേരളത്തെയാണ് പടുത്തുയർത്തേണ്ടത്.വിയോജിപ്പുകളിലും യോജിപ്പിന്റെ ഇടങ്ങൾ കണ്ടെത്തുന്ന പുതിയ ഐക്യകേരളത്തെ.........

*അപ്പൂപ്പൻതാടി*

# രാത്രിപ്പൂക്കൾ



ഇരുളിന്റെ മറപറ്റി നിൽക്കുന്നു
വിരിയാൻ തുടിക്കുന്ന ഹൃദയത്തോടെ
ചന്ദ്രനിലെ ചന്ദ്രികയിൽ സ്വയം
തിളങ്ങി വിടരാൻ തുടങ്ങുന്ന ദളങ്ങളായി
രാത്രി പൂക്കുമാ പാരിജാതത്തിൽ
സുഗന്ധവാനിലെ വായുവും ഏറ്റുവാങ്ങി
നിശയുടെ പുത്രി നിശാഗന്ധിയതാ.

നിലാവിൽ ചുംബിച്ചുണരുന്നതും
ഇരുളിന്റെ മറനീക്കി വന്നൊരുചന്ദ്രൻ
വെള്ളമന്ദാരം പോലെ തിളങ്ങിനിന്നു
ശങ്കിച്ചുനിൽക്കുന്നൊരു ശംഖുപുഷ്പമതാ
വിരിയാതൽപ്പമടഞ്ഞ കണ്ണുകളാൽ..

രാത്രിപ്പൂക്കൾതൻ വിടരുന്ന സൗന്ദര്യം
രാക്കിളികളും എറ്റുവാങ്ങുന്നു.
രാപ്പാടിതൻ സൗന്ദര്യത്താൽ
പൂക്കാൻ വിതുമ്പുന്ന പൂക്കൾതൻ
ഹൃദയത്തിൽ കുളിർ തെന്നലായ്
മാറുന്നു രാത്രിപ്പൂക്കൾ

അനന്യപ്രദീപ്

# മരിക്കാത്ത ഭൂമി

ഭൂമിയെന്നൊരു അമ്മയുണ്ടേ
പെറ്റമ്മപോലൊരു അമ്മയുണ്ടേ
കാത്ത് രക്ഷിക്കുന്ന അമ്മയാണേ
പാഠങ്ങൾ നൽകുന്ന അമ്മയാണേ

മക്കളാം നമ്മൾ തിന്മചെയ്താലും
നേർവഴികാട്ടുന്ന അമ്മയാണേ
പണത്തിനി പിന്നാലെയോട്ടം നേരം
അമ്മയെ ശ്രദ്ധിക്കാത്തനേരം

അമ്മതൻ തന്നെ ശ്രദ്ധനേടിടുന്നു.
മഹാപ്രളയമായ് വരൾച്ചയായ്
പറയുന്നു മക്കളെ
ഞാൻ നിൻ അമ്മയാണ്

വീണ്ടും ജ്വലിക്കുന്ന സൂര്യൻ പോലെ
തെളിനീരൊഴുകുന്ന പുഴപോലെ
അമ്മയെന്നും ജ്വലിച്ചീടുന്നു
മക്കൾക്ക് മാതൃകയായ് തന്നെ

ദേവിക പി എസ്

# ഓണപ്പാട്ട്




തമ്പുരാൻ മാവേലി കേരളത്തിൽ
അംബ്രല്ലാത്തോണിയിൽ തിത്തകത്തയ്
മാളോരെ കാണുവാൻ നോക്കിടേണ്ട
മാനുഷരെല്ലാരും ക്യാമ്പിലാണേ

കള്ളവുമില്ല ചതിയുമില്ല
വെള്ളമാണെല്ലാടോം തമ്പുരാനേ
പൂക്കളമാണെന്നു തോന്നിടേണ്ട
പൂത്തമരത്തിന്റെ ക്ലോസ്ഷോട്ടോ....ക്ലോസ്ഷോട്ടാ!

തേങ്ങപറിക്കുവാൻ ആളുവേണ്ട
തോണിയിൽ പോയാൽ കാര്യം ഓക്കെ
ദൂരയാ കാണുന്ന ആണികണ്ടോ
ടോപ്പൻ ടവറിന്റെ മണ്ടയല്ലോ!

പണ്ടൊരു കാക്കച്ചി മൺക്കുടത്തിൽ
കല്ലിട്ടു വെള്ളമോ പൊങ്ങി വേഗം
ഇന്നു മനുഷ്യനോ ഫ്ലാറ്റ് കൊട്ടാൻ
കല്ലിട്ടു വെള്ളമോ പാഞ്ഞുകേറി

കാണിച്ചപോക്രിത്തരത്തിനെല്ലാം
മേടിച്ചുകൂട്ടണ്ടേ തമ്പുരാനെ
കിട്ടും പണിയിനിയും ടൈഗർമോനേ
കട്ടായം നിങ്ങളീപോക്കുപോയാൽ

വെള്ളം ഒഴുകേണ്ടവഴിയെല്ലാം
നിങ്ങൾ തടഞ്ഞില്ലേ മതിലുകെട്ടി
പണ്ടത്തെ കേരളം വീണ്ടെടുക്കാൻ
ചിന്തിക്കണില്ലേലി സങ്കടങ്ങൾ

എന്നുമീ നാട്ടിൽ തുടർക്കഥയായ്
വന്നീടും കോട്ടോടാ ടൈഗർ മോനേ
ഞാൻകുരച്ചാളാമെൻ തമ്പുരാനെ
നാട്ടാരുകേട്ടോന്നുണർന്നാൽ മതി

പട്ടികുരച്ചാൽ പടിതുറക്കാൻ
ഇഷ്ടമല്ലിന്നുമീ കേരളത്തിൽ
തമ്പുരാൻ മാവേലി കേരളത്തിൽ
അംബ്രല്ലാത്തോണിയിൽ തിത്തകത്തയ്
അംബ്രല്ലാത്തോണിയിൽ തിത്തകത്തയ്



പൂജ.വി.ആർ

അപ്പൂപ്പൻതാടി

# കുറുക്കനും ഒട്ടകവും

കച്ചവടക്കാരുടെ ഭാരംതാങ്ങിയും ചുമടുഭാരം താങ്ങിയവനായിരുന്നു ഒട്ടകം.അവന് ഭാരം താങ്ങിമടുത്തു.ഒരു ദിവസം അവിടെ നിന്ന് ഒളിച്ചോടി കുറെ ദൂരം അലഞ്ഞു.അവന് നല്ല വിശപ്പുണ്ടായിരുന്നു.നടന്ന് വലഞ്ഞ് അവൻ ഒരു കാട്ടിൽ എത്തി.അവിടെ ഒരു കുറുക്കൻ ഉണ്ടായിരുന്നു.ഒട്ടകം അവനെ കണ്ടുമുട്ടി.കുറുക്കൻ ചോദിച്ചു നീ എവിടെ നിന്ന് വരുന്നു? ഞാൻ നാട്ടിൽ കച്ചവടക്കാരുടെ ഭാരം താങ്ങിയും ചുമടുഭാരം താങ്ങിയും മടുത്ത് അവിടെ നിന്നും ഒളിച്ചോടിയതാണ്.എനിക്കാണെങ്കിൽ നല്ല വിശപ്പുമുണ്ട് എവിടെ നിന്നെങ്കിലും കുറച്ച് ഭക്ഷണം കിട്ടുമോ കൂട്ടുകാരാ! എന്നു ചോദിച്ചു.

കുറുക്കൻ പറഞ്ഞു ഈ പുഴയ്ക്കപ്പുറം ഒരു വയലുണ്ട് അതിന്റെ കരയിൽ കരിമ്പിൻ തോട്ടമുണ്ട് അവിടെ നമുക്കുള്ള ഭക്ഷണം ഉണ്ട്.എന്നാൽ ഈ പുഴ നീന്താൻ എനിക്കറിയില്ല.അതുകേട്ട ഒട്ടകം പറഞ്ഞു എനിക്ക് നീന്താൻ അറിയാം.ഞാൻ നിന്നേയും കൊണ്ട് അക്കരയ്ക്ക് പോകാം.അങ്ങിനെ കുറുക്കൻ ഒട്ടകത്തിന്റെ മുകളിൽ ഇരുന്നു.അക്കരയെത്തിയപ്പോൾ തന്നെ കുറുക്കൻ ചാടി വയലിലേയ്ക്ക് പോയി.ഒട്ടകം പതുക്കെ കരിമ്പിൻ തോട്ടത്തിൽ കയറി തിന്നുതുടങ്ങി.കുറുക്കൻ വേഗം ഭക്ഷണം കഴിച്ചു.എന്നിട്ട് അവൻ കൂവാൻ തുടങ്ങി.അപ്പോൾ കുറേ ആളുകൾ വന്ന് കരിമ്പിൻ തോട്ടത്തിലെ ഒട്ടകത്തെ പൊതിരെ തല്ലി.ഒട്ടകം ഓടി പുഴയിലേയ്ക്കിറങ്ങിയപ്പോൾ കുറുക്കൻ അതിന്റെ പുറത്തേയ്ക്ക് ചാടി.ഒട്ടകം നീന്താൻ തുടങ്ങി.പുഴയുടെ നടുവിൽ എത്തിയപ്പോൾ ഒട്ടകം കുറുക്കനോട് ചോദിച്ചു.നീ എന്തിനാണ് കൂവിയത്? അപ്പോൾ അവൻ പറഞ്ഞു വയറുനിറയെ ഭക്ഷണം കഴിച്ചാൽ ഞാൻ നീട്ടികൂവും.അപ്പോൾ ഒട്ടകത്തിന് കാര്യം മനസ്സിലായി.കുറുക്കൻ അവനെ പറ്റിക്കുകയാണെന്ന് അപ്പോൾ ഒട്ടകത്തിന് ഒരു ബുദ്ധി തോന്നി.ഒട്ടകം പുഴയുടെ നടുവിൽ വച്ച് മുങ്ങിനിവരാൻ തുടങ്ങി.ഒട്ടകത്തിന്റെ പുറത്തിരുന്ന കുറുക്കൻ പുഴയിലേയ്ക്ക് വീണു.

അപ്പുപ്പൻതാടി

കുറുക്കൻഒട്ടകത്തിനോട് ചോദിച്ചു നീ എന്താ ഇങ്ങനെ ചെയ്തത്? ഒട്ടകം പറഞ്ഞു എനിക്ക് തല്ല് കൊണ്ടാൽ പുഴയിൽ ഒന്ന് മുങ്ങിനിവരണം.കുറുക്കൻ പുഴയിൽ മുങ്ങി താഴാൻ തുടങ്ങി.കുറുക്കൻ പ്രാണഭയത്താൽ ഇങ്ങനെ നിലവിളിച്ചു കൂട്ടുകാരാ എന്നെ രക്ഷിക്കു......................

ഇനി ഞാൻ നിന്നെ പറ്റിക്കില്ല.അവസാനം ഒട്ടകം കുറുക്കനെ രക്ഷിച്ചു.പിന്നീടവർ നല്ല ചങ്ങാതിമാരായി മാറി..



അഭിജിത്ത് കെ.ബി

VIII D

അപ്പൂപ്പൻതാടി

# അഭിമാനനിമിഷങ്ങൾ................












# ലിറ്റിൽ കൈറ്റ്സ് ടീം

## ഹയർ സെക്കന്ററി സ്കൂൾ പനങ്ങാട്

## 2018–2019



അപ്പൂപ്പൻതാടി

# സംസ്ഥാനപ്രതിഭകൾ






ഗൗരിനന്ദ കെ ആർ | ലക്ഷ്മി·കെ·വി | നീലിമ കെ എസ്





അനന്തകൃഷ്ണൻ എം·എം | വിന്ധ്യ കെ എസ് | സ്നേഹ കെ ഷാനവാസ്



**2018–2019**

H S S PANANGAD



ദേവനാഥ് എം ഡി | വിഷ്ണുനാരായണൻ പി എം





# നന്ദി

ഡിജിറ്റൽ മാഗസിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാലിറ്റിൽ കൈറ്റ് അംഗങ്ങൾക്കും അധ്യാപകർക്കും ഹൃദയപൂർവ്വം നന്ദി രേഖപ്പെട്ടുത്തുന്നു.

ലിറ്റിൽ കൈറ്റ്സ്

എച്ച് എസ്സ് എസ്സ് പനങ്ങാട്

2018

*അപ്പൂപ്പൻതാടി*